ജയിൽപുള്ളികളുടെ ആഹാരം.

*275. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ജയിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ചെങ്ങന്നൂർ സബ്ജയിൽ, തിരുവല്ലാ ലോക്കപ്പ് മുതലായ കാരാഗൃഹങ്ങളിൽ കിടക്കുന്ന പുള്ളികൾക്ക് ആഹാരം കൊടുക്കുന്നതിന് അനുവദിച്ചിട്ടുള്ള പ്രതിദിന റേറ്റ് എത്ര ചക്രമാണ്?

(ബി) പ്രസ്തുത തടവിലുള്ളവർക്ക് ഇപ്പോൾ കൊടുക്കുന്ന അരിയുടെ വില വർദ്ധിപ്പിച്ച സ്പെഷ്യൽ റേറ്റ് വെച്ചാണെന്നും നൽകുന്ന അരി ഉപയോഗയോഗ്യമാണെന്നും അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) ചോദ്യം ഉദിക്കുന്നില്ല.

(ബി) ഈ ചോദ്യത്തിന്റെ പൂർവ്വഭാഗത്തിന്, "ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള പട്ടിക നിരക്കനുസരിച്ചാണ്."

ഉത്തരഭാഗത്തിന്, "അറിവില്ല."

വിമുക്തഭടന്മാർക്ക് ഫീസാനുകൂല്യം.

*276. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിമുക്തഭടവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിലും പുറത്തുള്ള യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന തിരുവിതാംകൂർകാരായ വിമുക്തഭടർക്ക് ഫീസാനുകൂല്യം നൽകുന്നതാണെന്ന് ഒരു പ്രസ്നോട്ട് ഗവണ്മെന്റ് പ്രസിദ്ധപ്പെടുത്തിയിരുന്നുവോ?

(ബി) തിരുവിതാംകൂറിന് പുറമേയുള്ള കോളേജുകളിൽ പഠിക്കുന്നവരിൽ നിന്ന് അപ്രകാരമുള്ള സഹായത്തിന് എത്ര അപേക്ഷകൾ കിട്ടി?

(സി) അവരിൽ എത്രപേർക്ക് സഹായം നൽകുന്നുണ്ട്?

(ഡി) തിരുവിതാംകൂർ കോളേജുകളിലുള്ള എത്ര പേർക്ക് പ്രസ്തുത സഹായം ലഭിക്കുന്നുണ്ട്?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) ഉ.

(സി) ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ഡി) ഫൻ൪ ൈ-൪ വ-ൽ ൻ൦ പേർക്കും ൪ വ-൪ൻ-ൽ ൈന പേർക്കും ഫീസ് സൗജന്യം നൽകിയിട്ടുണ്ട്.

MR. K. A. MATHEW : തിരുവിതാംകൂറിനു പുറത്തുള്ള കോളേജുകളിൽ പഠിക്കുന്ന എക്സ് സർവീസുകാർക്കും ഈ ഫീസ് അനുകൂല്യം അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly